Sect: 57/3/66-20[illegible] akh GPM Govt of Kerala

GOVERNMENT OF KERALA

സംഗ്രഹം

കൃഷി വകുപ്പ് - ഹരിതകേരളം - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നഴ്സറികൾ സ്ഥാപിച്ച് 2 കോടി തൈകൾ ഉല്പാദിപ്പിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## കൃഷി (ഡബ്ല്യു.റ്റി.ഒ സെൽ) വകുപ്പ്

സ.ഉ.(കൈ) നം.155/2017/കൃഷി തീയതി, തിരുവനന്തപുരം, 28.11.2017.

പരാമർശം:-
1. 11-05-2017 ൽ ചേർന്ന സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 20-ാം മത് യോഗത്തിന്റെ മിനിട്സ്.
2. 13-07-2017 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗ തീരുമാനം.
3. 01.11.2017 ൽ കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗ തീരുമാനം.

## ഉത്തരവ്

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി 2018 ജൂൺ മാസത്തിൽ നടുന്നതിനായി ഒരു വർഷം പ്രായമുള്ള രണ്ട് കോടി വൃക്ഷത്തൈകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നഴ്സറികൾ സ്ഥാപിച്ച് വികസിപ്പിച്ചെടുക്കാൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയുണ്ടായി.

ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടേയും കൃഷി വകുപ്പ് മന്ത്രിയുടേയും സംയുക്ത അദ്ധ്യക്ഷതയിൽ 01-11-2017 ൽ വിളിച്ചു ചേർത്ത യോഗത്തിൽ എടുത്ത തീരുമാനപ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. ഓരോ ജില്ലയിലും സർക്കാർ ഉടമസ്ഥതയിലുള്ള ലഭ്യമായ സ്ഥലങ്ങളിലും ലഭ്യമാകുന്ന മറ്റ് സ്വകാര്യ സ്ഥലങ്ങളിലും ആവശ്യമായ നഴ്സറികൾ സ്ഥാപിച്ച് താഴെ പറയുന്ന എണ്ണം ഫല വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിന് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ ഉപദേശ നിർദ്ദേശങ്ങളോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തുന്നു:-

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 20 ലക്ഷം |
| കൊല്ലം | 20 ലക്ഷം |

| | |
|---|---|
| പത്തനംതിട്ട | 15 ലക്ഷം |
| ആലപ്പുഴ | 10 ലക്ഷം |
| കോട്ടയം | 14 ലക്ഷം |
| ഇടുക്കി | 10 ലക്ഷം |
| എറണാകുളം | 15 ലക്ഷം |
| തൃശ്ശൂർ | 15 ലക്ഷം |
| പാലക്കാട് | 20 ലക്ഷം |
| മലപ്പുറം | 20 ലക്ഷം |
| കോഴിക്കോട് | 20 ലക്ഷം |
| വയനാട് | 15 ലക്ഷം |
| കണ്ണൂർ | 20 ലക്ഷം |
| കാസർഗോഡ് | 15 ലക്ഷം |
| ആകെ | 229 ലക്ഷം |

മേൽപ്പറഞ്ഞ പ്രകാരം വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിന് നഴ്സറികൾ സ്ഥാപിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2. ഒരോ ജില്ലയിലും സർക്കാർ ഉടമസ്ഥതയിൽ ലഭ്യമായ സ്ഥലങ്ങളിലും ലഭ്യമാകുന്ന സ്വകാര്യ സ്ഥലങ്ങളിലും കൂടാതെ കൂട്ടതലായി വേണ്ടി വരുന്നതിന് ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലും കൃഷി വകുപ്പിനു കീഴിലുമുള്ള കൃഷിഫാമുകളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നഴ്സറികൾ സ്ഥാപിക്കാനുള്ള സാധ്യത പരിശോധിച്ച് പരമാവധി തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഒരോ ഫാമുകളിലും എത്ര സ്ഥലം ഇക്കാര്യത്തിനായി നീക്കിവയ്ക്കാം, എത്ര തൈകൾ ഉല്പാദിപ്പിക്കാം, ആയതിന് ഉണ്ടാകുന്ന ചിലവ് എന്നിവ സംബന്ധിച്ച് പ്രോജക്ട് ഫാം ഓഫീസർമാർ തയ്യാറാക്കി ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്ക് സമർപ്പിക്കേണ്ടതും ആവശ്യമായ തുക തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടിൽ നിന്നും ലഭ്യമാക്കി ചിലവഴിക്കേണ്ടതുമാണ്.

3. ഓരോ ഗ്രാമപഞ്ചായത്തിലും തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ വികേന്ദ്രീകൃതമായി നഴ്സറികൾ സ്ഥാപിച്ച് ആവശ്യമായ എണ്ണം തൈകൾ ഉല്പാദിപ്പിക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ നഴ്സറികൾ സ്ഥാപിക്കുന്നതിനായി ലഭ്യമായ പൊതുസ്ഥലങ്ങൾ,സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. ഇതിനായി കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സഹായസഹകരണങ്ങൾ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ ഇപ്രകാരം ആരംഭിക്കുന്ന നഴ്സറികളുടെ പരിപാലനത്തിന് ആവശ്യമായ സാങ്കേതിക

സഹായം അതത് കൃഷി ഓഫീസർമാർ നൽകേണ്ടതാണ്. ബ്ലോക്കുതലത്തിൽ ഈ പ്രവർത്തനം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഏകോപിപ്പിക്കേണ്ടതാണ്. ഇതിന് ആവശ്യമായ ഫണ്ട് തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർമാർ ലഭ്യമാക്കേണ്ടതാണ്.

4. നഴ്സറികൾ സ്ഥാപിക്കുന്നതിന് സാങ്കേതിക പിന്തുണ ഉറപ്പാക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അറിവോടെ കൃഷി വകുപ്പ്, വനംവകുപ്പ് ഉദ്യോഗസ്ഥർ, കാർഷിക വിദഗ്ധർ എന്നിവരടങ്ങിയ ഒരു സാങ്കേതിക സഹായ സമിതി ഓരോ ജില്ലയിലും ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർ രൂപീകരിക്കേണ്ടതാണ്.

5. ഓരോ പ്രദേശത്തും പ്രാദേശികമായി ലഭ്യമാകുന്ന വിത്തിനങ്ങൾ ഏതൊക്കെയാണെന്നും അവ ശേഖരിക്കുന്നതിനുള്ള രീതി സംബന്ധിച്ചുമുള്ള നിർദ്ദേശം നഴ്സറി സ്ഥാപിക്കുന്ന ഗ്രൂപ്പുകൾക്ക് കൃഷി ഓഫീസർമാർ നൽകേണ്ടതാണ്. ഇതുകൂടാതെ പരമാവധി വിത്തിനങ്ങൾ കൃഷിഫാമുകൾ വഴി സംഭരിച്ച് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇതിനാവശ്യമായ തുക തൊഴിലുറപ്പ് പദ്ധതിയുടെ സാധനസാമഗ്രികൾക്കായി നീക്കി വച്ചിട്ടുള്ള ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

6. കേരളത്തിൽ അന്യം നിൽക്കാറായ നാട്ടു മാവിനങ്ങളുടെ വിത്തുകൾ ശേഖരിച്ച് ഈ പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നതിന് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

7. നഴ്സറികൾ സ്ഥാപിക്കുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിൽ നിന്നും 3-4 തൊഴിലാളികളെ തെരഞ്ഞെടുത്ത് ബ്ലോക്ക് തലത്തിൽ സാങ്കേതിക പരിശീലനം നൽകേണ്ടതാണ്. പരിശീലനം ബ്ലോക്ക് പഞ്ചായത്തിലെ കൃഷി അസി.ഡയറക്ടറുടെ നേതൃത്വത്തിൽ കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാൻകേന്ദ്ര എന്നിവയുടെ സജീവ പങ്കാളിത്തത്തോടെ നടത്തേണ്ടതാണ്.

8. നഴ്സറികൾ സ്ഥാപിക്കുന്ന പ്രവർത്തനം താഴേതലത്തിൽ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് ആവശ്യമായ സഹകരണം കുടുംബശ്രീ സംഘടനാ സംവിധാനം മുഖേന ഉറപ്പു വരുത്തുന്നതിന് കുടുബശ്രീ എക്സി.ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

9. ഓരോ ഗ്രാമ പഞ്ചായത്തിലും 2018 ജൂൺ 5 ന് മരം നടുന്നതിനുള്ള കൃത്യമായ ആസൂത്രണം ഗ്രാമപഞ്ചായത്തുകൾ നടത്തേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പാതയോരത്തും അതോടൊപ്പം പൊതുഭൂമിയിലും ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ സ്വകാര്യ ഭൂമിയിലും മരം നടുന്നതിനും സംരക്ഷണ സംവിധാനം ഒരുക്കുന്നതിനും അതിനു പുറമെ 3 മുതൽ 5 വർഷത്തേയ്ക്കുള്ള പരിചരണ പ്രവർത്തനങ്ങളും ഏറ്റെടുക്കാവുന്നതാണ്. ആയതിനാൽ ഓരോ ഗ്രാമപഞ്ചായത്തിലും:-

* ഏതൊക്കെ പാതകളുടെയും കനാലുകളുടെയും വശങ്ങളിലാണ് മരം നട്ടുപിടിപ്പിക്കാൻ കഴിയുന്നതെന്ന് കണ്ടെത്തി അവിടെ ഏതൊക്കെ ഇ.നം മരങ്ങളാണ് നടാൻ കഴിയുന്നത് എന്നത് സംബന്ധിച്ച് മുൻകൂട്ടി ആസൂത്രണം ചെയ്യണം.

* നടുന്ന വൃക്ഷത്തൈകളുടെ പരിരക്ഷണ ചുമതല നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകേണ്ടതാണ്. ഒരു കുടുംബത്തിന് 25 തൈകൾ എന്ന നിലയിൽ ഈചുമതല നൽകാവുന്നതാണ്.

* പൊതുഭൂമിയിലും ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ സ്വകാര്യ ഭൂമിയിലും വൃക്ഷത്തൈകൾ നടുന്നതിനുള്ള ആസൂത്രണവും ഗ്രാമപഞ്ചായത്തുകൾ മുൻകൂട്ടി ചെയ്യേണ്ടതാണ്.

10. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ചുവടെപ്പറയുന്ന സമയക്രമം പാലിച്ച് സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്:-

| | |
|---|---|
| ജില്ലാതലത്തിൽ കാർഷിക വിദഗ്ധരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉൾപ്പെട്ട മീറ്റിംഗ് (ജില്ലാതല സാങ്കേതിക സഹായസമിതി രൂപീകരണവും) | **ഡിസംബർ 5 നകം** |
| ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാരുടെ മീറ്റിംഗ് (ബ്ലോക്ക് തലത്തിൽ) | **ഡിസംബർ 15 നകം** |
| നഴ്സറി തുടങ്ങുന്നതിനാവശ്യമായ പരിശീലനം (ബ്ലോക്ക് തലത്തിൽ) | **ഡിസംബർ 25 നകം** |
| നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തലും മുന്നൊരുക്കങ്ങളും | **ജനുവരി 5 നകം** |
| നഴ്സറികൾ സ്ഥാപിക്കൽ | **ജനുവരി 15 നകം** |
| 2018 ജൂൺ 5 മുതൽ മരം നടുന്നതിനുള്ള പാതയോരങ്ങളും സ്ഥലങ്ങളും കണ്ടെത്തി വിശദമായ പദ്ധതി തയ്യാറാക്കൽ (ഗ്രാമപഞ്ചായത്ത് തലത്തിൽ) | **ഏപ്രിൽ 20 നകം** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടീക്കാ റാം മീണ**

കാർഷികോൽപ്പാദന കമ്മീഷണർ &

പ്രിൻസിപ്പൽ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്
2. എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ. ഹരിതകേരളം
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്
5. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ്), കേരളം
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
8. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
9. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
10. ഡയറക്ടർ, മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ്
11. എല്ലാ കൃഷി വിജ്ഞാൻകേന്ദ്ര ഡയറക്ടർമാർക്കും (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
12. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
13. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14. ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
16. ഡയറക്ടർ, ശുചിത്വമിഷൻ
17. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം.
18. രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
19. എല്ലാ ജില്ലാ കളക്ടർമാർക്കും
20. കൃഷി വകുപ്പിൻ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
21. എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
22. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
23. എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
24. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ഡയറക്ടർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന)
25. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
26. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

അണ്ടർ സെക്രട്ടറി

പകർപ്പ്:-

കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.